"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ - എ) വകുപ്പ്

നം. എച്ച്.കെ.സി.-എ2/46/2025-പൊ.ഭ.വ.(പാർട്ട് 1) 11-04-2025,തിരുവനന്തപുരം

## <u>ക്വട്ടേഷൻ നോട്ടീസ്</u>

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ക്യാന്റീൻ, ഗാർഡൻ, ഓഫീസുകൾ എന്നിവിടങ്ങളിൽ ദിവസേന ഉണ്ടാകുന്നതും ബയോഗ്യാസ് പ്ലാന്റ് മുഖേന സംസ്കരിക്കാൻ കഴിയാത്തതുമായ ഭക്ഷണാവശിഷ്ടം ഉൾപ്പെടെയുള്ള ജൈവ-അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് മുദ്ര വെച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ഭക്ഷണാവശിഷ്ടം ഉൾപ്പെടെയുള്ള ജൈവ-അജൈവ മാലിന്യങ്ങൾ അവധി ദിവസങ്ങൾ ഉൾപ്പെടെ എല്ലാ ദിവസവും വാഹനം എത്തിച്ച് നീക്കം ചെയ്യേണ്ടതാണ്. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള തുകയുടെ പ്രതിമാസ നിരക്കാണ് ക്വാട്ട് ചെയ്യേണ്ടത്. ക്വട്ടേഷനുകൾ 24/04/2025 -ന് വൈകിട്ട് 3.00 മണിക്ക് മുമ്പായി പൊതുഭരണ (ഹൗസ് കീപ്പിംഗ്-എ) വകുപ്പ് അണ്ടർ സെക്രട്ടറിയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം 4.00 മണിയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ചവരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 24/04/2024 മുൻപുള്ള ഏതെങ്കിലും പ്രവൃത്തി ദിവസത്തിൽ പൊതുഭരണ (ഹൗസ് കീപ്പിംഗ് - എ) വകുപ്പുമായി ബന്ധപ്പെടാവുന്നതാണ്. (ഫോൺ- 0471 2518001)

ഹണി.പി.
അഡിഷണൽ സെക്രട്ടറി

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ എല്ലാ നോട്ടീസ് ബോർഡിലേയ്ക്കും.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)